17

പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: *181 — 13-02-2013 ൽ മറുപടിക്ക്

## പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യക്ഷമത

**ചോദ്യം**

**ശ്രീ. സി.പി.മുഹമ്മദ് :**
**ശ്രീ. ഡൊമനിക് പ്രസന്റേഷൻ:**
**ശ്രീ. ജോസഫ് വാഴക്കൻ :**
**ശ്രീ. വി.ഡി.സതീശൻ:**

**ഉത്തരം**

**ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)**

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിച്ച് സംയുക്ത സംരംഭങ്ങൾ തുടങ്ങുന്ന കാര്യം ആലോചിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം

(എ) സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ചു വരുന്ന നടപടികൾ അനുബന്ധം 1 ൽ ചേർക്കുന്നു.

(ബി) കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിച്ച് സംയുക്ത സംരംഭങ്ങൾ തുടങ്ങുന്ന കാര്യം ആലോചിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ഈ വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഗെയിൽ ഇന്ത്യാ ലിമിറ്റഡും കെ.എസ്.ഐ..ഡി.സിയും ചേർന്ന് കേരള ഗെയിൽഗ്യാസ് എന്ന സംയുക്ത സംരംഭം ആരംഭിച്ചിട്ടുണ്ട്. കേരള മിനറൽസ് ആന്റ് മെറ്റൽസും സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യയുമായി ചേർന്ന് സംയുക്ത സംരംഭം ആരംഭിക്കുന്നതിനുള്ള പ്രാരംഭ ചർച്ചകൾ നടന്നുവരുന്നു.

(സി) ഈ സർക്കാർ അധികാരമേറ്റശേഷം നഷ്ടത്തിലായിരുന്ന ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളാണ് ലാഭം ഉണ്ടാക്കിയിട്ടുള്ളത്; വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം, നഷ്ടത്തിലായിരുന്ന ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, കാപെക്സ്, കെൽപാം എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ ആഡിറ്റിന് മുൻപുള്ള കണക്കുകൾ പ്രകാരം ലാഭം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആഡിറ്റിന് ശേഷം മാത്രമേ കൃത്യമായ കണക്കുകൾ ലഭ്യമാവുകയുള്ളൂ.

| | |
|---|---|
| (ഡി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം സുതാര്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്? | (ഡി) സംസ്ഥാനത്തെ വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ സുതാര്യത ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ അനുബന്ധം 2 ൽ ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം - 1

**1.നവീകരണ വിപുലീകരണ പദ്ധതികൾ**

നിലവിലുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ അടുത്ത അഞ്ച് വർഷത്തെ വികസന സാധ്യത മുൻ നിർത്തിയുള്ള വൈവിധ്യവൽക്കരണം, പുതിയ സാങ്കേതിക വിദ്യയുടെ കൂട്ടിച്ചേർക്കൽ, നിലവിലുള്ള പ്ലാന്റുകളുടെ നവീകരണം, ആവശ്യമുള്ള പുതിയ മെഷീനറികൾ സ്ഥാപിക്കുക, കമ്പനിക്കാവശ്യമായ തൊഴിലാളികളുടെ നിയമനം, പരിശീലനം തുടങ്ങിയവ പ്രാവർത്തികമാക്കാനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു.

**2.എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ്** : പൊതുമേഖലാ സ്ഥാപനങ്ങളുടെ കണക്കുകൾ യഥാസമയം ക്രോഡീകരിച്ച് ഒരു സാമ്പത്തിക വർഷം കഴിഞ്ഞാലുടൻ ആഡിറ്റ് പൂർത്തിയാക്കാൻ വേണ്ടിയുള്ള ഇലക്ട്രോണിക്സ് സംവിധാനം (ERP) സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. ഇത് നടപ്പിലാക്കുകവഴി സ്ഥാപനങ്ങളിലെ എല്ലാ വകുപ്പുകളെയും ഏകോപിപ്പിച്ച് ഫലപ്രദമായി പ്രവർത്തിക്കുവാനുള്ള സംവിധാനം സാധ്യമാകും.

ഇതിന്റെ ഭാഗമായി മാസംതോറുമുള്ള റിപ്പോർട്ടിംഗ് സംവിധാനം [Monthly Monitoring System] ശക്തിപ്പെടുത്തുന്നതിനും, കമ്പനികളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള സംവിധാനവും e-governance-ന്റെ ഭാഗമായി ഏർപ്പെടുത്തിക്കഴിഞ്ഞു.

**3.MOU സംവിധാനം** : കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ മാതൃകയിൽ MOU സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. MOU സംവിധാനം നടപ്പിലാക്കുന്നതു വഴി പൊതുമേഖലാസ്ഥാപനങ്ങളുടെ ഉൽപ്പാദനക്ഷമത, വിറ്റുവരവ്, ലാഭം, സാമ്പത്തിക അച്ചടക്കം, ഉൽപ്പന്നത്തിന്റെ ഗുണമേന്മയും അംഗീകാരവും, തൊഴിലാളി-മാനേജ്മെന്റ് ബന്ധം, Research & Development സ്ഥാപനങ്ങളുമായുള്ള ബന്ധം, സാമൂഹിക പ്രതിബദ്ധത എന്നീ മേഖലകളിൽ വ്യവസായങ്ങൾ കൈവരിക്കേണ്ട നേട്ടങ്ങൾ മുൻ കൂട്ടി നിശ്ചയിച്ച് വിലയിരുത്തുന്നതിനും ഇതുവഴി കമ്പനികളുടെ മൊത്തത്തിലുള്ള പ്രവർത്തന ക്ഷമതയും സുതാര്യതയും വർദ്ധിക്കുന്നത ുമാണ്.

4.പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം ലാഭകരമാക്കാനും കാര്യക്ഷമതയും പ്രൊഫഷണലിസവും ഉറപ്പുവരുത്തുവാനും കമ്പനികളുടെ പ്രവർത്തനം അവലോകനം നടത്താനും ഡയറക്ടർ ബോർഡുകളിലും ഉയർന്ന തസ്തികകളിലുംയോഗ്യതയും പരിചയ സമ്പത്തുംഉള്ളവരെ തിരഞ്ഞെടുക്കുവാൻ നിലവിലുള്ള ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസും (BPE) റീസ്ട്രക്ച്ചറിംഗ് ആന്റ് ഇന്റേണൽ ആഡിറ്റ് ബോർഡും (RIAB) സംയോജിപ്പിച്ച് ഒരു പബ്ലിക് സെക്ടർ എന്റർപ്രൈസസ് ബോർഡ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

5.വ്യവസായ വകുപ്പിനു കീഴിലുള്ള എല്ലാ കമ്പനികളുടേയും ഇതുവരെയുള്ള പെന്റിംഗ് ആഡിറ്റുകൾ മാർച്ച് 2013 മുൻപ് തന്നെ പൂർത്തിയാക്കാനും, 2012-13 സാമ്പത്തിക വർഷത്തിന്റെ ആഡിറ്റ് 2013 ഏപ്രിൽ അവസാനത്തോടു കൂടി പൂർത്തിയാക്കുവാനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

6.ഓരോ വർഷത്തേയും പ്രവർത്തനം സംബന്ധിച്ച് ബജറ്റും പദ്ധതികളും നേരത്തെ തയ്യാറാക്കി അത് കൈവരിക്കുന്നതിന്റെ പുരോഗതി എല്ലാ മാസവും RIAB മുഖേന അവലോകനം ചെയ്തു വരുന്നു.

7.മികച്ച പൊതുമേഖലാ സ്ഥാപനത്തിനെയും, മികച്ച Chief Executive Officer- നെയും തിരഞ്ഞെടുത്ത് അവാർഡുകൾ നൽകി വരുന്നു.

8.പൊതുമേഖലാ സ്ഥാപനങ്ങൾ തമ്മിലുള്ള സഹകരണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഉൽപ്പന്നങ്ങൾ പരസ്പരം വിപണനം ചെയ്യാൻ സ്വീകരിച്ച നടപടികൾ വിലയിരുത്തി ശക്തിപ്പെടുത്തേണ്ടതുണ്ട്.

9.2010-11- ൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുതിയതായി ആരംഭിച്ച എല്ലാ യൂണിറ്റുകളും കഴിവതുവേഗം പ്രവർത്തന സജ്ജമാക്കുന്നതിന്റെ ഭാഗമായി ജീവനക്കാരെ നിയമിക്കുന്നതിനായി നിലവിലുള്ള എല്ലാ സംവരണ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ട് സുതാര്യമായ നടപടിക്രമങ്ങളിലൂടെ നിയമന നടപടികൾക്ക് നേതൃത്വം വഹിക്കുവാൻ RIABനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനുവേണ്ടി NICയുടെ പോർട്ടൽ ഉപയോഗിച്ച് Online-ൽ അപേക്ഷകൾ ക്ഷണിക്കുകയും അതനുസരിച്ച് പരീക്ഷകൾ നടത്തുകയും തുടർനടപടികൾ നടന്നുവരുകയുമാണ്.

(signature)

സെക്ഷൻ ഓഫീസർ.

# അനുബന്ധം - 2

1. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങളിലെ ഇടപാടുകളിൽ സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പാക്കുന്നതിന്റെ ഭാഗമായി 2012 ഓഗസ്റ്റ് 1 മുതൽ **ഇലക്ട്രോണിക് പ്രൊക്യൂർമെന്റ് സംവിധാനം** നടപ്പിലാക്കിയിട്ടുണ്ട്. ഇ-പ്രൊക്യൂർമെന്റിന്റെ ഭാഗമായുള്ള **ഇ-പേയ്മെന്റ്** നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഇതിന്റെ ഭാഗമായി NIC-യുടെ സഹായത്തോടെ പൊതുമേഖലാസ്ഥാപങ്ങൾക്ക് ആവശ്യമായ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.

**2.വാണിജ്യ ഇടപാടുകൾ സംബന്ധിച്ചുള്ള ഡോക്യുമെന്റുകളുടെ ഡിജിറ്റൈസേഷൻ** സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ കൂടുതൽ സുതാര്യത ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി എല്ലാ വാണിജ്യ ഇടപാടുകളും സംബന്ധിച്ചുള്ള രേഖകൾ അതാത് കമ്പനികളുടെ വെബ് സൈറ്റുകളിൽ ഇടണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ ടെണ്ടർ സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും, കരാർ നൽകിയതിന്റെയും, സാധനങ്ങൾ വാങ്ങിയതിന്റെയും, തുകനൽകിയതും സംബന്ധിച്ചുള്ള വിവരങ്ങൾ ഉൾപ്പെടുന്നതാണ്.

**3.പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾക്ക് സുതാര്യമായ സംവിധാനം** : വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ സുതാര്യമായി നടത്തുന്നതിന്റെ ഭാഗമായി മാനേജീരിയൽ കാറ്റഗറിയിലും കരാറടിസ്ഥാനത്തിലും ഉൾപ്പെടെയുള്ള എല്ലാ നിയമനങ്ങളും RIAB-ന്റെ മേൽനോട്ടത്തിൽ നടത്തുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

4.വ്യവസായ വകുപ്പിനു കീഴിലുള്ള എല്ലാ കമ്പനികളുടേയും ഇതുവരെയുള്ള പെന്റിംഗ് ആഡിറ്റുകറ മാർച്ച് 2013 മുൻപ് തന്നെ പൂർത്തിയാക്കാനും, 2012-13 സാമ്പത്തിക വർഷത്തിന്റെ ആഡിറ്റ് 2013 ഏപ്രിൽ അവസാനത്തോടു കൂടി പൂർത്തിയാക്കുവാനുമുള്ള നടപടികറ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.